തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502 ഫോൺ: 0494-2631230


2020 നവംബർ 10

## തുല്യതാപരീക്ഷ സംബന്ധിച്ച വിജ്ഞാപനം

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ സംസ്കാരപൈതൃക പഠനവകുപ്പിൽ നിന്നും എം. എ (സംസ്കാരപൈതൃകപഠനം) കോഴ്സ് വിജയിച്ച വിദ്യാർത്ഥികൾക്ക് എം. എ മലയാളം (സംസ്കാരപൈതൃകം) എം. എ ചരിത്രപഠനം എന്നീ കോഴ്സുകളിലേക്ക് തുല്യത നേടുന്നതിന് വേണ്ടി വിദ്യാർത്ഥികൾ എം.എ മലയാളത്തിന്റെയും എം. എ ചരിത്രപഠനത്തിന്റെയും VIII കോർ പേപ്പറുകൾ വീതം പരീക്ഷ എഴുതി വിജയിച്ചാൽ തുല്യതാ സർട്ടിഫിക്കറ്റ് നൽകാൻ സർവകലാശാല അക്കാദമിക് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എം. എ സംസ്കാരപൈതൃകപഠനം കോഴ്സ് പൂർത്തീകരിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് രണ്ടുഘട്ടമായി തുല്യതാപരീക്ഷ നടത്തുവാൻ വൈസ്ചാൻസലർ ഉത്തരവ് നൽകിയിട്ടുണ്ട്.

ആദ്യഘട്ടമായി 2021 ജനുവരി രണ്ടാംവാരത്തിൽ എം.എ മലയാളം, എം.എ ചരിത്രപഠനം എന്നീ വിഷയങ്ങളുടെ നാല് കോർപേപ്പറുകളുടെ പരീക്ഷ നടത്തുന്നതാണ്.

രണ്ടാംഘട്ട പരീക്ഷ 2021 മാർച്ച്/ഏപ്രിൽ മാസത്തിൽ നടത്തുന്നതാണ്. (വിശദാംശങ്ങൾ പിന്നീട് അറിയിക്കും.)

തുല്യതാപരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എം. എ സംസ്കാരപൈതൃകം കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റിന്റെയും ഗ്രേഡ് കാർഡിന്റെയും കോപ്പികൾ സഹിതം 2020 ഡിസംബർ 15ന് മുൻപായി അപേക്ഷകൾ സർവകലാശാല പരീക്ഷാവിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്. വൈകിലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷാഫോറത്തിന്റെ മാതൃകയും പരീക്ഷ എഴുതേണ്ട പേപ്പറുകളുടെ വിശദാംശങ്ങളും താഴെ കൊടുക്കുന്നു. പരീക്ഷാഫീസ് ഓരോ വിഷയത്തിനും 100/രൂപ വീതം (മൊത്തം 400/രൂപ)

(അപേക്ഷ ഓൺലൈനായും, നേരിട്ടും സമർപ്പിക്കാവുന്നതാണ്. ഗ്രേഡ് കാർഡ് ലഭിക്കുന്നതിന് പ്രത്യേകം ഫീസ് രണ്ടാംഘട്ട പരീക്ഷാഫീസിനൊപ്പം അടക്കേണ്ടതാണ്.)

### പരീക്ഷ എഴുതേണ്ട വിഷയങ്ങൾ

| എം.എ. മലയാളം (സംസ്കാരപൈതൃകം) | | എം.എ. ചരിത്രപഠനം | |
|---|---|---|---|
| പേപ്പർ-I | നോവലും ചെറുകഥയും | പേപ്പർ-I | ചരിത്രരചനാപദ്ധതി |
| പേപ്പർ-II | മലയാളകവിത-ആധുനികവും ആധുനികാനന്തരവും | പേപ്പർ-II | ലോകചരിത്രം നാഗരികതകളിൽ നിന്നും സാമ്രാജ്യങ്ങളിലേക്ക് |
| പേപ്പർ-III | മലയാളസാഹിത്യവിമർശനം | പേപ്പർ-III | മദ്ധ്യകാല ഇന്ത്യ, സമീപനം, പരിപ്രേക്ഷ്യം |
| പേപ്പർ-IV | ഭാഷാശാസ്ത്രവും ഭാഷാസൂത്രണവും | പേപ്പർ-IV | ആധുനിക ഇന്ത്യ: കോളനിവാഴ്ച നവോത്ഥാനം, ദേശീയപ്രസ്ഥാനം |

*(മറ്റുവിശദാംശങ്ങൾക്ക് പഠനവകുപ്പുകളുമായി ബന്ധപ്പെടുക)*

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല തിരൂർ മലപ്പുറം

ഡോ. ഇ. രാധാകൃഷ്ണൻ

പരീക്ഷാകൺട്രോളർ

# തുല്യതാപരീക്ഷ - അപേക്ഷാഫോറം

ഫോട്ടോ

വിദ്യാർത്ഥിയുടെ പേര് (ഇംഗ്ലീഷ് :
മലയാളം)

മേൽവിലാസം :

ജനനതിയ്യതി :

മൊബൈൽ നമ്പർ :

സംസ്കാരപൈതൃകപഠനം കോഴ്സിന്റെ രജി. നമ്പർ :

പരക്ഷാഫീസ് അടച്ചതിന്റെ വിശദാംശങ്ങൾ :

തുല്യതാപരീക്ഷ എഴുതാൻ തിരഞ്ഞെടുക്കുന്ന വിഷയം :

**പരീക്ഷഎഴുതുന്ന കോർപേപ്പറുകൾ**

പേപ്പർ-I ........................................................................................................

പേപ്പർ-II ........................................................................................................

പേപ്പർ-III ........................................................................................................

പേപ്പർ-IV ........................................................................................................

സ്ഥലം:

തിയ്യതി:

വിദ്യാർത്ഥിയുടെ ഒപ്പ്

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പഠനവകുപ്പിന്റെ ശുപാർശ: ........................................................................................................

........................................................................................................................................

(ഓഫീസ് ഉപയോഗത്തിന്)